## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1775 17.03.2015-ൽ മറുപടിക്ക്

### ഗവണ്മെന്റ് സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് സംവിധാനം

ചോദ്യം

ശ്രീ.മോൻസ് ജോസഫ് ;

ഉത്തരം

ശ്രീ. ഉമ്മൻചാണ്ടി

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗവണ്മെന്റ് സെക്രട്ടേറിയറ്റിൽ ഇ-ഫയലിംഗ് സംവിധാനം നടപ്പാക്കിയതിന്റെ ഭാഗമായി ജനപ്രതിനിധികൾക്കും എം.എൽ.എ മാർക്കും ഫയൽ ഫോളോ അപ്പ് ചെയ്യുന്നതിന് നേരിടുന്ന പ്രയാസങ്ങൾ പരിഹരിക്കുവാൻ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ; | (എ) | ഒരു ഹർജിയോ കത്തോ ഡിപ്പാർട്ട്മെന്റിൽ ലഭിക്കുമ്പോൾ ഐഡിയാസ് പെറ്റീഷൻ നമ്പർ (ഹർജിക്കാരന് എസ്.എം.എസിലൂടെ ലഭിക്കുന്ന നമ്പർ )കത്ത് നമ്പർ ലെറ്റർ റഫറൻസ് നമ്പർ ആയി രേഖപ്പെടുത്തി തപാൽ ജനറേറ്റ് ചെയ്യും.തപാൽ ഫയലിൽ പ്രോസസ് ചെയ്യുമ്പോൾ തപാൽ നമ്പർ കൂടാതെ ഫയൽ നമ്പറും നിലവിൽ വരും.മുകളിൽ പറഞ്ഞ ഏതു നമ്പർ ഉപയോഗിച്ചും ഫയൽ ട്രാക്ക് ചെയ്യാൻ സാധിക്കുമെന്നതു ഇ-ഫയലിംഗിന്റെ ഒരു സവിശേഷതയാണ്.ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് അടുത്തു തന്നെ പ്രബല്യത്തിൽ വരുമ്പോൾ പൊതു ജനത്തിന് തന്നെ ഇന്റർനെറ്റിലൂടെ ഈ സംവിധാനം ഉപയോഗിച്ച് ഫയൽ ഓൺലൈനായി ട്രാക്ക് ചെയ്യുവാൻ സാധിക്കും. |
| (ബി) | ഇക്കാര്യം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് ഏതെല്ലാം എം.എൽ.എ മാരാണ് സർക്കാരിന് നിവേദനം നൽകിയിട്ടുള്ളത്;ഇതിൽ സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; | (ബി) | ശ്രീ. മോൻസ് ജോസഫ്, ശ്രീ. കെ കെ ജയചന്ദ്രൻ എന്നീ എം.എൽ.എ മാർ നിവേദനം നൽകിയതായി കാണുന്നു. ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് അടിയന്തിരമായി പ്രബല്യത്തിൽ വരുത്തുവാൻ എൻ. ഐ. സി ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇ-ഫയലിംഗിന്റെ ഭാഗമായി ഫയൽ പൊസിഷൻ അറിയുന്നതിന് എം.എൽ.എ മാർക്കും പാസ്സ് വേർഡും ഐ.ഡിയും നൽകുമോ ; ഇതിനെന്തിങ്കിലും നിയമ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അത് വ്യക്തമാക്കാമോ? | (സി) | ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് അടുത്തു തന്നെ പ്രാബല്യത്തിൽ വരുമ്പോൾ ഇന്റർനെറ്റിലൂടെ എം.എൽ.എ മാർക്കും പൊതു ജനങ്ങൾക്കും ഐഡി/പാസ്സ് വേർഡ് എന്നിവ കൂടാതെ തന്നെ ഈ സംവിധാനത്തിലൂടെ പെറ്റിഷൻ നമ്പർ (ഹർജിക്കാരന് എസ്.എം.എസിലൂടെ ലഭിക്കുന്ന നമ്പർ)/തപാൽ നമ്പർ/ഫയൽ നമ്പർ എന്നിവയിൽ ഏതെങ്കിലും ഉപയോഗിച്ച് ഫയൽ ഓൺലൈനായി ട്രാക്ക് ചെയ്യുവാൻ സാധിക്കും. |
| (ഡി) | ഇ-ഫയലിംഗ് നടപ്പാക്കിയപ്പോൾ ഒരു ഫയലിന് തന്നെ വിവിധ ഫയൽ നമ്പരുകൾ വരുന്നത് ജനപ്രതിനിധികൾക്ക് ഫോളോ അപ്പിന് വളരെയധികം പ്രയാസം നേരിടുന്നതിനു പരിഹാരം കണ്ടെത്തുന്നതിനു നടപടി സ്വീകരിക്കാമോ; | (ഡി) | ഇ ഓഫീസിൽ ഒന്നിലധികം ഫയൽ നമ്പരുകൾ ഉണ്ടാകുന്നില്ല മറിച്ച് ഒരു ഹർജിയോ കത്തോ ഡിപ്പാർട്ട്മെന്റിൽ ലഭിക്കുമ്പോൾ ഐഡിയാസ് പെറ്റീഷൻ നമ്പർ (ഹർജിക്കാരന് എസ്.എം.എസിലൂടെ ലഭിക്കുന്ന നമ്പർ )/കത്ത് നമ്പർ ലെറ്റർ റഫറൻസ് നമ്പർ ആയി രേഖപ്പെടുത്തി തപാൽ ജനറേറ്റ് ചെയ്യും. ഈ തപാൽ ഫയലായി പ്രോസസ് ചെയ്യുമ്പോൾ തപാൽ നമ്പർ കൂടാതെ ഫയൽ നമ്പറും നിലവിൽ വരുകയാണ് ചെയ്യുന്നത് . എന്നിരുന്നാലും മുകളിൽ പറഞ്ഞ ഏതു നമ്പർ ഉപയോഗിച്ചും ഫയൽ ട്രാക്ക് ചെയ്യാൻ സാധിക്കുമെന്നതു ഇ-ഫയലിംഗിന്റെ ഒരു സവിശേഷതയാണ് |
| (ഇ) | ഇ-ഫയലിംഗ് മൂലം പല ഫയലുകളിലും കാലതാമസം നേരിടുന്നതായി ശ്രദ്ധ യിൽ പെട്ടിട്ടുണ്ടോ? | (ഇ) | എല്ലാ വകുപ്പുകളിലും സമ്പൂർണമായും ഇ-ഫയലിംഗ് നടപ്പാക്കുന്നതിലൂടെ ഫയലുകളിൽ കാലതാമസം നേരിടുകയില്ല. |

സെക്ഷൻ ഓഫീസർ